പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2573 | 10.12.2014-ൽ മറുപടിക്ക്

## അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, വർക്കല കഹാർ :<br>,, എം. പി. വിൻസെന്റ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'.<br>ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്റർ തലങ്ങളിൽ ലഭ്യമാണ്. ഇതിന് എ.പി.എൽ / ബി.പി.എൽ. തരംതിരിവോ മറ്റ് എന്തെങ്കിലും മാനദണ്ഡങ്ങളോ ബാധകമല്ല. മുനിസിപ്പൽ /കോർപ്പറേഷൻ പ്രദേശങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടു വരികയാണ്.<br>ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗാ പരിശീലനവും നടത്തിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

(....2)

| | |
|---|---|
| (സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ ; | (സി) ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഈ പദ്ധതി കാര്യക്ഷമമായി അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും, സംസ്ഥാന തലത്തിൽ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും അവലോകനം ചെയ്തു വരുന്നു. എല്ലാ മൂന്ന് മാസത്തിലും അമൃതം പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് സംസ്ഥാനതലത്തിൽ നടത്തി വരുന്നു. ഇത് കൂടാതെ, ആരോഗ്യ സ്ഥാപനങ്ങളിൽ പദ്ധതി വിലയിരുത്താൻ നേരിട്ടുള്ള സർപ്രൈസ് ഇൻസ്പെക്ഷനുകളും നടത്തി വരുന്നു. |
| (ഡി) എല്ലാവിധ രോഗങ്ങളും ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുമോയെന്നു വ്യക്തമാക്കുമോ ? | (ഡി) ഈ പദ്ധതിയുടെ കീഴിൽ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ